മലപ്പുറത്തെ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ പവർ ലൈൻ എത്തിക്കുന്നതിനുള്ള നടപടികളും നടത്തുന്നു.

(ജി) തുമ്പയിലുള്ള അപ്പാരൽ പാർക്ക്, ചെറുകിട വ്യവസായ പാർക്ക്, എറണാകുളത്തെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കാംചേരിയിലുള്ള കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങിയ പാർക്കുകളിൽ വ്യവസായികൾക്ക് പ്ലോട്ടുകൾ നൽകുന്നതിനുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ഇവിടെ പ്ലോട്ടുകൾ നൽകുന്നതിനുള്ള പ്രക്രിയയും ആരംഭിച്ചു. തിരുവനന്തപുരത്തെ അപ്പാരൽ പാർക്കിൽ പ്ലോട്ടുകൾക്ക് പുറമെ റെഡിമെയ്ഡ് വ്യവസായങ്ങൾ തുടങ്ങുന്നതിന് മൂന്ന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇവ വ്യവസായികൾക്ക് ഉടനെ നൽകുന്നതാണ്.

(എച്ച്) ഉണ്ട്.

(ഐ) വാർഷിക പദ്ധതി രൂപീകരണ വേളയിൽ നടപ്പു പദ്ധതികൾ എത്രയും വേഗം പൂർത്തിയാക്കി മാർക്കറ്റ് ചെയ്യണമെന്നും അതിനു ശേഷമേ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാവൂ എന്നും പുതുയതായി സ്ഥലം ഏറ്റെടുക്കൽ പരിപാടികൾ നടപ്പാക്കേണ്ടെന്നും സംസ്ഥാന പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിരുന്നു. നടപ്പു പദ്ധതികൾ കൂടാതെ സർക്കാരിന്റെ പുതിയ വ്യവസായ നയം അനുസരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന ഹെർബൽ പാർക്ക് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനായുള്ള ഒരു മാസ്റ്റർ പ്ലാൻ രൂപീകരണം എന്നിവയല്ലാതെ പുതിയ പദ്ധതികളോ, ഭൂമി ഏറ്റെടുക്കൽ പരിപാടികളോ ഈ വർഷത്തേയ്ക്ക് വിഭാവന ചെയ്തിട്ടില്ല.

വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷൻ

25 (2081)ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി. ബാലറാം :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷന്റെ പ്രവർത്തനം എന്തൊക്കെയാണ്;

(ബി) ഈ കോർപ്പറേഷൻ ഇതുവരെ സംസ്ഥാനത്ത് എവിടെയെല്ലാം വ്യവസായ വികസന പ്ലോട്ടുകൾ വികസിപ്പിച്ചിട്ടുണ്ട്;

(സി) പ്ലോട്ടുകളിൽ എത്ര വ്യവസായികൾ ഏതെല്ലാം വ്യവസായങ്ങൾ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവയിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് ലഭ്യമാക്കുകയാണ് ഈ കോർപ്പറേഷന്റെ ഉദ്ദേശ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിൽ വ്യവസായ വികസന പ്ലോട്ടുകൾ വികസിപ്പിച്ച് വ്യവസായ സംരംഭകർക്കു നൽകുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) എറണാകുളത്ത് കാക്കനാട്ടുള്ള കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ കെ.സി.പി.എൽ. എന്ന കമ്പനി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്.

(ഡി) കെ.സി.പി.എൽ. എന്ന കമ്പനിയിൽ 88 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.

മലബാർ സിമന്റ്സിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടി

26 (2082)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ മലബാർ സിമെന്റ്സിൽ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര പേരെ സസ്പെന്റ് ചെയ്തു;

(ബി) അഴിമതി ആരോപണത്തിന്റെ പേരിൽ സസ്പെന്റ് ചെയ്തിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്. ഇവരുടെ പേരിലുള്ള അന്വേഷണനടപടികൾ പൂർത്തിയായോ; ഇവരിൽ ആരെയെങ്കിലും തിരിച്ചെടുത്തിട്ടുണ്ടോ;

(സി) മലബാർ സിമന്റ്സിൽ നിന്ന് പിരിച്ചുവിട്ട തൊഴിലാളിയും എ.ഐ.റ്റി.യു.സി.യൂണിയൻ നേതാവുമായ ചന്ദ്രനെ തിരിച്ചെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് കാരണമെന്താണ്; ഇയാളുടെ പേരിൽ ഉണ്ടായിരുന്ന കോടതി കേസിന്റെ വിധി നടപ്പിലാക്കിയിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മലബാർ സിമന്റ്സിൽ സ്റ്റാന്റിംഗ് ഓർഡർ അനുസരിച്ച് നിയമാനുസൃതമായി വേണ്ട അന്വേഷണവും നടപടിക്രമങ്ങളും സ്വീകരിച്ച് രണ്ടുപേരെ സർവ്വീസിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യുകയും ഒരാളെ തരംതാഴ്ത്തുകയും ആറുപേരെ ശമ്പളമില്ലാതെ സസ്പെന്റ് ചെയ്യുകയും രണ്ട് പേരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ചെയ്തു. ഇതുകൂടാതെ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻമാരെ വിജിലൻസ് അന്വേഷണവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തു.

1. ശ്രീ. ഇ. നാസർ
2. ശ്രീ. കെ.റ്റി. അശോക് കുമാർ
3. ശ്രീ. മുഹമ്മദ് ബഷീർ
4. ശ്രീ. മുഹമ്മദ് സുലൈമാൻ
5. ശ്രീ. പി.എസ്.വി. മേനോൻ
6. ശ്രീ. മുഹമ്മദ് യൂസഫ്
7. ശ്രീ. കെ.പി. ഉണ്ണി
8. ശ്രീ. കെ. മുരളീധരൻ നായർ

LIBRARY ARCHIVES Kerala Legislative Assembly